പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1875 01.11.2019-ലെ മറുപടിക്ക്

# അടിമാലിയിൽ എ.റ്റി.ഒ. ഓഫീസ് സ്ഥാപിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാർ ഉൾപ്പെടെ മുഴുവൻ സ്ഥലങ്ങളിലേയ്ക്കുമുള്ള പ്രധാന പ്രവേശന മാർഗ്ഗമായ അടിമാലിയിൽ കെ.എസ്.ആർ.ടി.സി.യുടെ എ.റ്റി.ഒ. ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. അടിമാലിയിൽ ഒരു എ.റ്റി.ഒ. ഓഫീസ് ആരംഭിക്കുന്നതിനായുള്ള തീരുമാനം ഇതുവരെയും കൈക്കൊണ്ടിട്ടില്ല. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന നിലവിലെ സാഹചര്യത്തിൽ ഒരു എ.റ്റി.ഒ. ഓഫീസ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഇവയെല്ലാം സൗജന്യമായി ഗ്രാമപഞ്ചായത്തോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ഒരുക്കി തന്നാലും കെ.എസ്.ആർ.ടി.സി ഓഫീസ് പ്രവർത്തിക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് പ്രതിവർഷം ശരാശരി 50 ലക്ഷം രൂപയെങ്കിലും ആവർത്തന ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. നിലവിലുള്ള സാഹചര്യങ്ങളിൽ ഡിപ്പോ / എ.റ്റി.ഒ ഓഫീസ് ആരംഭിക്കുന്നത് കെ.എസ്.ആർ.ടി.സി.യ്ക്ക് പൊതുവിൽ കൂടുതൽ പ്രയോജനം ലഭിക്കുമെന്ന് കരുതുവാൻ കഴിയുകയില്ല. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ യാതൊരു |

| | | | |
|---|---|---|---|
| | | | വിധത്തിലുമുള്ള പുതിയ ബാദ്ധ്യതകളൊന്നും ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതുമാണ്. ആയതിനാൽ അടിമാലിയിൽ പുതിയ ഒരു എ.റ്റി.ഒ. ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല. |
| (ബി) | പുതിയ എ.റ്റി.ഒ. ഓഫീസ് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) യും<br>(സി) യും | സ്ഥലത്തിന്റെ പ്രാധാന്യവും, സർവ്വീസ് ഓപ്പറേഷൻ ഏകോപിപ്പിക്കുവാനുള്ള സൗകര്യവും കെ.എസ്.ആർ.ടി.സി.യുടെ അവശ്യകതയും സാമ്പത്തികനേട്ടവും മറ്റ് അനുകൂല ഭൗതീക സാഹചര്യങ്ങളും കണക്കിലെടുത്താണ് പുതിയ എ.റ്റി.ഒ. ഓഫീസ് അനുവദിക്കുന്നത്. നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ പുതിയ എ.റ്റി.ഒ. ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. |
| (സി) | പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ അടിമാലിയിൽ പാലിക്കപ്പെടാത്തവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**